പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3548 08.11.2019-ലെ മറുപടിക്ക്

# കേരള റോഡ് സേഫ്റ്റി അതോറിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എം.ഷാജി | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കേരള റോഡ് സേഫ്റ്റി അതോറിറ്റി 19/12/2018-ൽ A2/1240/KRSA/2018 നമ്പർ കത്തിനോടൊപ്പം അയച്ച ശ്രീമതി സ്മിതാ മാത്യു എന്നയാളുടെ അപേക്ഷയിൽ തിരുവനന്തപുരം ജില്ല റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാനായ ജില്ലാ കളക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരള റോഡ് സേഫ്റ്റി അതോറിറ്റി 19/12/2018-ൽ പ്രസ്തുത പരാതി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | റോഡ് സേഫ്റ്റി അതോറിറ്റി ഈ അപേക്ഷയിന്മേൽ 19/12/2018-ൽ ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർക്ക് നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർക്ക് അയച്ച കത്തിന് മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേരള റോഡ് സേഫ്റ്റി അതോറിറ്റി ശ്രീമതി സ്മിതാ മാത്യു എന്നയാളുടെ 31/10/2018-ലെ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | കേരള റോഡ് സേഫ്റ്റി അതോറിറ്റി ശ്രീമതി സ്മിതാ മാത്യുവിന്റെ പരാതി പകർപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതിനായി, തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടർക്ക് അയച്ചു നൽകുകയും ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**